**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1766** **08-02-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിവിധതരം ആക്രമണങ്ങൾക്ക് വിധേയരായ സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, നിരാലംബർ, തെരുവിൽ അലഞ്ഞു നടക്കുന്ന ആശ്രയമില്ലാത്തവർ എന്നീ വിഭാഗക്കാർക്ക് വൈദ്യസഹായം, സൗജന്യ നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം, സൗജന്യ ചികിത്സ, അനുബന്ധ ധനസഹായം എന്നിവ ഉറപ്പാക്കാനായി സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവരുടെയും, രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രിയിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷൻമാരുടെ സംരക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ സാമൂഹിക നീതി വകുപ്പ് ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മേൽ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും, ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തുവരുന്നത്. ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ, ജില്ലാ സാമൂഹിക നീതി ഓഫീസർമാർ എന്നിവർ മുഖാന്തിരം സ്ഥാപനങ്ങളിൽ പുനരധിവസിക്കപ്പെടുന്നവർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഗ്രാന്റ് നൽകുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ 3 സ്ഥാപനങ്ങളും (കരുണാലയം പോത്തൻകോട്, പുത്തൻമന്ദിരം ഓൾഡേജ് ഹോം അഴൂർ, ശാന്തിമന്ദിരംചാരിറ്റബിൾ ട്രസ്റ്റ് വട്ടപ്പാറ), എറണാകുളം ജില്ലയിൽ 3 സ്ഥാപനങ്ങളും ക്രിസ്തുരാജ പ്രയർ സെന്റർ പിറവം, അഭയഭവൻ കൂവപ്പടി, ബത്ലഹേം അഭയഭവൻ ചാരിറ്റബിൾ സൊസൈറ്റി, കോഴിക്കോട് ജില്ലയിൽ 1 സ്ഥാപനവും(ദയ റീഹാബിലിറ്റേഷൻ ട്രസ്റ്റ്)ആണ് നിലവിലുള്ളത്. മറ്റ് ജില്ലകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാന സർക്കാരിന് |

| | | | |
|---|---|---|---|
| | | | കീഴിലുള്ള 29 ക്ഷേമ സ്ഥാപനങ്ങൾ വഴിയും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും സർക്കാർ ഗ്രാന്റ് അനുവദിച്ചുവരുന്നതുമായ ക്ഷേമ സ്ഥാപനങ്ങൾ വഴിയും ഇവരെ സംരക്ഷിച്ചു വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br><br>ആരുടെയും തുണയും കരുതലും സഹായവുമില്ലാതെ ജീവിക്കുന്നതും ശാരീരികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും പങ്കാളികൾ മരണപ്പെട്ട് ഒറ്റക്ക് ജീവിക്കുന്നവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തിര വൈദ്യസഹായം നൽകുക, അത്യാവശ്യഘട്ടങ്ങളിൽ നിയമസഹായം നൽകുക, കെയർഗിവർമാരുടെ സഹായം ഉറപ്പ് വരുത്തുക, വയോജനങ്ങളുടെ പുനരധിവാസം ഉറപ്പ് വരുത്തുക എന്നിവ യ്ക്കായി വയോരക്ഷ പദ്ധതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടേറ്റ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനും തിരുവനന്തപുരം ജില്ലാ പഞ്ചായത്തും സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവ്വീസ് സൊസൈറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പാറശ്ശാലയിലെ കൊറ്റമറ്റത്ത് സാഫല്യം എന്ന പേരിൽ വയോജന അഗതി മന്ദിരം പ്രവർത്തിച്ച് വരുന്നുണ്ട് |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം 517 പേരെ തിരുവന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലും, 18,633 വയോജനങ്ങളെ സന്നദ്ധസംഘടനകൾ നടത്തുന്ന മറ്റു സ്ഥാപനങ്ങളിലും പുനരധിവസിപ്പിച്ച് സംരക്ഷിച്ചു വരുന്നു |
| (സി) | ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം 517 പേരെ തിരുവന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലും, 18,633 വയോജനങ്ങളെ സന്നദ്ധസംഘടനകൾ നടത്തുന്ന മറ്റു സ്ഥാപനങ്ങളിലും പുനരധിവസിപ്പിച്ച് സംരക്ഷിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ